**പതിനാലാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.840 10.06.2019 -ലെ മറുപടിക്ക്**

**കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ അംബേദ്ക്കർ സ്വയംപര്യാപ്തഗ്രാമം പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.റ്റി.വി.രാജേഷ്** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | കണ്ണൂർ ജില്ലയിൽ കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിൽ അംബേദ്ക്കർ സ്വയംപര്യാപ്തഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരണം നടത്തുന്ന കോളനികളുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ; നിശ്ചിത കാലപരിധിക്കുള്ളിൽ പ്രസ്തുത കോളനികളുടെ നിർമ്മാണം പൂർത്തീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (എ) | കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിൽ നിന്നും അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുള്ള കോളനികളാണ്.<br>1. പുഞ്ചവയൽ ഹരിജൻ കോളനി<br>2. വെടിയപ്പൻചാൽ കോളനി<br><br>**1.പുഞ്ചവയൽ ഹരിജൻ കോളനി**<br>വിജ്ഞാൻവാടി കെട്ടിടം, ജോബ് ട്രെയിനിംഗ് സെന്റർ എന്നിവയുടെ പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ്. നടപ്പാതയുടെ പ്രവൃത്തി പുരോഗമിക്കുന്നു.<br><br>**2. വെടിയപ്പൻചാൽ കോളനി**<br>കളിസ്ഥലത്തിന്റെ നിർമ്മാണം, റ്റി.പി. സ്മാരക സാക്ഷരതാ ഭവനത്തിന്റെ പുന:നിർമ്മാണം, അംഗൻവാടി കെട്ടിടത്തിന്റെ പുന:നിർമ്മാണം., റീട്ടെയിനിംഗ് വാൾ നിർമ്മാണം എന്നീ പ്രവൃത്തികൾ പുരോഗമിക്കുന്നു.<br>പുഞ്ചവയൽ കോളനിയുടെ നിർമ്മാണം 31.07.2019-നും വെടിയപ്പൻചാൽ കോളനിയുടെ പ്രവൃത്തി 31.12.2019-നും പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ